## പതിമൂന്നാം കേരള നിയമസഭ

## പതിനഞ്ചാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നമ്പർ. 2765 14-12-2015-ൽ മറുപടിയ്ക്ക്

### പട്ടികജാതി /പിന്നോക്ക സമുദായ വിദ്യാർത്ഥികളുടെ വിദ്യാഭ്യാസ ഗ്രാന്റുകൾ

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| **ശ്രീ. ബി.ഡി. ദേവസ്സി എം.എൽ.എ** | | **ശ്രീ. എ.പി. അനിൽകുമാർ,** (പട്ടികജാതി- പിന്നാക്കസമുദായ ക്ഷേമവും, വിനോദ സഞ്ചാരവും വകുപ്പ് മന്ത്രി) | |
| എ) | സംസ്ഥാനത്ത് പട്ടികജാതി വിഭാഗത്തിലും മറ്റ് പിന്നോക്ക സമുദായ വിഭാഗങ്ങളിലും ഉൾപ്പെട്ട വിദ്യാർത്ഥികൾക്ക് ലഭിക്കേണ്ട വിദ്യാഭ്യാസ ഗ്രാന്റുകൾ, ഹയർ എജ്യൂക്കേഷൻ സ്ക്കോളർ ഷിപ്പുകൾ തുടങ്ങിയവ വിതരണം ചെയ്യുന്നതിൽ ഏറെ കാലതാമസം നേരിടുന്നുണ്ടോ; | എ) | പട്ടികജാതി വിദ്യാർത്ഥികളുടെ വിദ്യാഭ്യാസാനുകൂല്യം കൃത്യമായി വിതരണം ചെയ്യുന്നുണ്ട്. Bank Account Number, IFSC എന്നിവ തെറ്റായി രേഖപ്പെടുത്തുന്നതുമൂലം തുക ക്രഡിറ്റാവാത്ത സാഹചര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. ഇത് സമയബന്ധിതമായി പരിഹരിച്ച് തുക ക്രഡിറ്റ് ചെയ്തു വരുന്നുണ്ട്. പിന്നോക്ക സമുദായ വിഭാഗങ്ങളിൽപ്പെട്ട വിദ്യാർത്ഥികൾക്ക് ആനുകൂല്യങ്ങൾ വിതരണം ചെയ്യുന്നതിന് ഫണ്ടിന്റെ അപര്യാപ്തത മൂലം കാലതാമസം നേരിടുന്നുണ്ട്. ഈ വിദ്യാർത്ഥികൾക്ക് ഫണ്ട് ലഭ്യമാകുന്ന മുറയ്ക്ക് കുടിശ്ശിക തീർക്കുന്നതാണ് |
| ബി) | പ്രസ്തുത വിഭാഗങ്ങളിൽപ്പെട്ട വിദ്യാർത്ഥികൾ ക്കുള്ള വിദ്യാഭ്യാസ ഗ്രാന്റുകൾ അതാത് അദ്ധ്യയന വർഷങ്ങളിൽ തന്നെ വിതരണം ചെയ്യുന്നതിന് നടപടി സ്വീകരിക്കുമോ? | | വിദ്യാഭ്യാസ ഗ്രാൻറുകൾ അതാത് അദ്ധ്യയന വർഷങ്ങളിൽത്തന്നെ വിതരണം ചെയ്യുന്നതിന് നടപടി സ്വീകരിച്ചിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ